

# ആരാണ് യേശു?

ഇ. സുരേഷ് തോമസ്

WORD UNPACKED

YouTube : WORD UNPACKED

Instagram : WORD UNPACKED

LIKE SHARE SUBSCRIBE

www.whoisjesus.faith

# ആരാണ്

# യേശു?



ഇ. സുരേഷ് തോമസ്

WORD UNPACKED

# ഉള്ളടക്കം


ആമുഖം : ആരാണ് യേശു? ........ 1

അദ്ധ്യായം ഒന്ന് : അവന്റെ ജനനവും പൂർവ്വ അസ്തിത്വവും ........ 3

അദ്ധ്യായം രണ്ട് : അവന്റെ പാപരഹിത ജീവിതം ........ 25

അദ്ധ്യായം മൂന്ന് : അവന്റെ പഠിപ്പിക്കലുകൾ ........ 37

അദ്ധ്യായം നാല് : അവന്റെ അത്ഭുതങ്ങൾ ........ 53

അദ്ധ്യായം അഞ്ച് : അവന്റെ മരണം ........ 77

അദ്ധ്യായം ആറ് : അവന്റെ പുനരുത്ഥാനം ........ 95

അദ്ധ്യായം ഏഴ് : അവന്റെ പുനരാഗമനം ........ 109

ഉപസംഹാരം : എന്റെ പ്രതികരണം ........ 127

## ആമുഖം

# ആരാണ് യേശു?

പ്രപഞ്ചത്തിന്റെ സൃഷ്ടി മുതൽ അതിന്റെ പരിസമാപ്തി വരെയുള്ള സംഭവങ്ങൾ വിശദമായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥമാണ് ബൈബിൾ.

ബൈബിളിലെ ആദ്യ പുസ്തകമായ ഉൽപ്പത്തിയിൽ ഇപ്രകാരം പറയുന്നു "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." ദൈവം സർവ്വജ്ഞാനിയും (സർവ്വവും അറിയുന്നവൻ), സർവ്വശക്തനും (അതിശക്തൻ) സർവ്വവ്യാപിയും (എല്ലായിടവും ചരിക്കുന്നവൻ) ആണ്. അവന്റെ വായിലെ വാക്കുകൊണ്ട് സകലവും സൃഷ്ടിക്കപ്പെട്ടു.

നമ്മുടെ ചുറ്റുമുള്ളവയെ ദൈവം എങ്ങനെയാണ് സൃഷ്ടിച്ചത് എന്ന് നാം തുടർന്ന് വായിക്കുന്നു. ഭൂമിയിലുള്ള സസ്യലതാദികളും വൃക്ഷങ്ങളും മൃഗങ്ങളും മത്സ്യങ്ങളും മറ്റുജീവികളും ആകാശത്തിലെ പറവകളെയും ദൈവം സൃഷ്ടിച്ചു. ഉല്പത്തി പുസ്തകത്തിൽ ഈ സൃഷ്ടി വിവരങ്ങൾ വിശദമായി പ്രതിപാദിക്കുന്നു. മനുഷ്യനെ മെനയുന്നതിനു മുൻപേ അവന്റെ നിലനില്പിനാവശ്യമായതെല്ലാം സൃഷ്ടിച്ച മഹോന്നതനായ സൃഷ്ടികർത്താവാണ് ദൈവം. സൃഷ്ടിയുടെ അവസാനത്തിങ്കൽ തന്റെ സ്വന്തം സാദൃശ്യത്തിൽ മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചിട്ട് ഏദൻ തോട്ടത്തിൽ ആക്കി. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവാൻ ദൈവം അവരെ അനുഗ്രഹിച്ചു. തോട്ടം സൂക്ഷിക്കണമെന്നും സർവ്വസൃഷ്ടിമേലും വാഴണമെന്നും അവരോട് ദൈവം പറഞ്ഞു.

തോട്ടത്തിലെ എല്ലാ വൃക്ഷത്തിന്റെയും ഫലം അവർക്കു ഭക്ഷിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എന്നാൽ "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം" ഭക്ഷിക്കുന്നത് വിലക്കിയിരുന്നു. ഭക്ഷിച്ചാൽ അതിന്റെ അനന്തരഫലം എന്തായിരിക്കും എന്ന മുന്നറിയിപ്പ് അവർക്ക് നൽകിയിരുന്നു. കൂടാതെ തിന്നുന്ന നാളിൽ നീ മരിക്കും എന്ന യാഥാർഥ്യവും അവരെ

ധരിപ്പിച്ചിരുന്നു. സർപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട, ആകാശത്തുനിന്നു വീണ ദൂതനായ സാത്താൻ ഹവ്വയെ വശത്താക്കി. അവൾ ആ പഴം പറിച്ചു ഭക്ഷിക്കുകയും ഭർത്താവായ ആദാമിന് നൽകുകയും ചെയ്തു.

അങ്ങനെ അനുസരണക്കേടിന്റെ ഫലമായ പാപം എന്ന് ബൈബിൾ പ്രതിപാദിക്കുന്ന മരണം ഉണ്ടായി. ദൈവത്തിൽ നിന്നും വേർപെട്ട ആത്മീക മരണവും ഭൗതീക മരണവും മനുഷ്യകുലത്തിൽ വ്യാപകമായി. ദൈവത്തിന്റെ മനോഹരമായ സൃഷ്ടിയെ നശിപ്പിക്കുന്ന പദ്ധതിയിൽ ശത്രുവായ സാത്താൻ താത്കാലികമായി വിജയിച്ചു. ഈ അനന്തരഫലങ്ങൾക്ക് പാപം ഹേതുവായി എന്നാൽ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു.

ഉല്പത്തി 3:15-ൽ ദൈവം സർപ്പത്തോട് ഇപ്രകാരം പറഞ്ഞു, 'ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും.' സ്ത്രീയിൽ നിന്നും മശിഹാ (അഭിഷിക്തൻ) ജനിക്കുമെന്നും അവൻ സർപ്പത്തിന്റെ തല ഒരു ദിവസം തകർക്കുമെന്നും ഇവിടെ വ്യക്തം. അതായത്, അവൻ സാത്താനെയും മനുഷ്യന്റെ വീഴ്ച്ചയിലൂടെ അവൻ കൈവശമാക്കിയതിനെയും പൂർണമായി നശിപ്പിക്കും.

വേദപുസ്തകത്തിൽ ഇപ്രകാരം പറയുന്നു. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.' (യോഹന്നാൻ 3:16) ഈ ദൈവം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തിത്വങ്ങളിലായി സ്ഥിതിചെയ്യുന്നു. രണ്ടായിരം വർഷങ്ങൾക്കുമുൻപ് യെരുശലേമിൽ യേശു, ദൈവപുത്രൻ, ഭൂജാതനായി.

യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചും നിസ്തുല്യതയെകുറിച്ചുമുള്ള പഠനത്തിന്റെ ഭാഗമായി നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. യേശുവിനെ കുറിച്ചുള്ള ധാരാളം അവകാശവാദങ്ങൾ അവന്റെ ജീവിതത്തിന്റെയും മരണ ഉയർപ്പിന്റെയും തെളിവുകളായി ബൈബിൾ നിരത്തുന്നു. ഇവയൊന്നും നിസാരമായി തള്ളികളവാൻ പാടില്ലാത്തതാകുന്നു. നമ്മുടെ ജീവിത ലക്ഷ്യത്തിന്റെ വിപ്ലവകരമായ മാറ്റത്തിന് കാരണഭൂതനായ ഈ യേശുവിനെക്കുറിച്ചു കൃത്യമായ അറിവ് ആവശ്യമാണ്.

ഈ പഠനത്തിന്റെ ആത്യന്തിക ലക്ഷ്യം വിശുദ്ധവേദപുസ്തകം ആധികാരികമായി പഠിക്കുന്നതിനും അതിലൂടെ ഒരു പ്രായോഗിക തീരുമാനത്തിലെത്തുകയുമാണ്.

നമ്മെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്ന യഥാർത്ഥ സത്യത്തെ കണ്ടെത്തുകയാണ് നാമിവിടെ ചെയ്യുന്നത്.

*അധ്യായം ഒന്ന്*

# അവന്റെ ജനനവും പൂർവ്വ അസ്തിത്വവും

ഭൂമിയിൽ ദശലക്ഷക്കണക്കിന് ജനങ്ങൾ ജനിക്കുകയും മരിക്കുകയും ചെയ്യുന്നു. ഒരു വ്യക്തിയുടെ ജനനം വിശിഷ്ടമാക്കുന്നത് എന്താണ്? ഒരു വ്യക്തിക്ക് അദ്ദേഹത്തിന്റെ ജനനം, മരണം, കുടുംബം, സ്ഥലം എന്നിവ കാലേകൂട്ടി നിർണയിക്കുവാൻ കഴിയുമോ? വേദപുസ്തകം അവകാശപ്പെടുന്നതുപോലെ യേശുക്രിസ്തുവിന്റെ ഉറവിടവും ജനനവും നമ്മുടെ ജീവിതവുമായി എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വളരെ വിശദമായി ഈ അദ്ധ്യായത്തിൽ പരിശോധിക്കാം.

**ഉൾക്കാഴ്ച** *യേശുക്രിസ്തു ജനിക്കുന്നതിന് 700 വർഷങ്ങൾക്കുമുൻപ് എഴുതപ്പെട്ട യെശയ്യാ പ്രവചനം യഹൂദന്മാരുടെ പുരാതന ഗ്രന്ഥത്തിന്റെ ഭാഗമാണ്. മശിഹായുടെ ജനനം, ജീവിതം, മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ് എല്ലാം ഈ പുസ്തകത്തിൽ പ്രവചിക്കുന്നുണ്ട്.*

### കണ്ടെത്തുക

യെശയ്യാ.7:14 & 9:6-7 എന്നീ ഭാഗങ്ങൾ വായിക്കുക

- **പുത്രൻ, ശിശു, വരുവാനിരിക്കുന്ന മശിഹാ** എന്നി വാക്കുകൾ കുരിശിന്റെ ✝ അടയാളം നൽകി അടയാളപ്പെടുത്തുക. താക്കോൽ വാക്ക് വ്യക്തമായി മനസിലാക്കുന്നതിനും വളരെ വേഗതകുറച്ച് ശ്രദ്ധയോടെ വായിക്കുന്നതിനും അടയാളപ്പെടുത്തൽ നമ്മെ സഹായിക്കുന്നു.

### യെശയ്യാ. 7 :14

14 അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്ക് ഒരു അടയാളം തരും: കന്യക
ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനൂവേൽ എന്നു പേർ
വിളിക്കും. (ഇമ്മാനൂവേൽ എന്നാൽ ദൈവം നമ്മോടുകൂടെ)

## യെശയ്യാ. 9 :6–7

*6 നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും.*

*7 അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും.*

യെശയ്യാ.9:6 –7 വീണ്ടും വായിക്കുക: ഇപ്പോൾ വായിക്കുമ്പോൾ ...

- **സിംഹാസനം, രാജത്വം,** എന്നീ വാക്കുകളും അവയുടെ സർവ്വനാമങ്ങൾക്കും കിരീടത്തിന്റെ ചിഹ്നം നൽകി അടയാളപ്പെടുത്തുക.
- **നിത്യം, അവസാനമില്ല, തുടർന്ന്, എന്നന്നേക്കും** ഇങ്ങനെ സമയത്തെ കുറിക്കുന്ന വാക്കുകൾക്ക് ചുറ്റും വൃത്തം വരക്കുക.

### സ്വയം ചിന്തിക്കുക, അല്ലെങ്കിൽ ഒരു ഗ്രൂപ്പിൽ ചർച്ച ചെയ്യുക, തുടർന്ന് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് നിങ്ങളുടെ ഉത്തരങ്ങൾ എഴുതുക:

- കന്യകയിൽ ജനിക്കുന്ന പുത്രനു നൽകിയിട്ടുള്ള പേരുകളും സംബോധനകളും എന്തെല്ലാം?

- യെശയ്യാ.9-ൽ അവന്റെ രാജത്വത്തെയും സിംഹാസനത്തെയും വിശേഷിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ഏവ?

- ഇത് പൂർത്തീകരിക്കപ്പെടുന്നത് എപ്രകാരമാണ്? (യെശയ്യാ.9:7 വായിക്കുക)



## കണ്ടെത്തുക

യേശുവിന്റെ പിതാമഹനായ ദാവീദ് രാജാവിനോട് അവന്റെ രാജത്വം എന്നെന്നേക്കും നിലനിൽക്കുന്ന നിത്യരാജത്വമാണെന്ന് ദൈവം വാഗ്ദാനം ചെയ്തു, (2ശമുവേൽ 7:12–17)

മശിഹാ കന്യകയിൽ ജനിക്കുമെന്നും ദാവീദിന്റെ സിംഹാസനത്തിൽ എന്നെന്നേക്കും ഭരണം നടത്തുമെന്നും നാം യെശയ്യാപ്രവചനത്തിൽ വായിച്ചു. പ്രവചന നിവൃത്തിയെക്കുറിച്ച് നമുക്ക് തുടർന്ന് വായിക്കാം.

മറിയ എന്ന കന്യകയിലാണ് യേശു ജനിക്കുന്നത്. പുതിയനിയമത്തിലെ നാലു സുവിശേഷ രചയിതാക്കളിൽ ഒരുവനായ ലൂക്കൊസ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കാം.

ലൂക്കൊസ് 1:26–35; 2:1–11 വായിക്കുക.

- **മകൻ, വിശുദ്ധപ്രജ, പുത്രൻ, ആദ്യജാതൻ, രക്ഷിതാവു, കർത്താവായ ക്രിസ്തു** ഇങ്ങനെ **യേശുവിനെ** കുറിക്കുന്ന വാക്കുകൾക്ക് ✝ കുരിശടയാളം നൽകുക.

## ലൂക്കൊസ് 1:26–35

26 ആറാം മാസത്തിൽ ദൈവം ഗബ്രീയേൽദൂതനെ നസറെത്ത് എന്ന ഗലീലപട്ടണത്തിൽ,

27 ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന് വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു; ആ കന്യകയുടെ പേർ മറിയ എന്ന് ആയിരുന്നു.

28 ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്ന് : 'കൃപലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ട്' എന്നു പറഞ്ഞു.

29 അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു.

30 ദൂതൻ അവളോട്: മറിയയേ, 'ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു.

31 നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന് യേശു എന്നു പേർ വിളിക്കേണം.

32 അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും

33 അവൻ യാക്കോബുഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല' എന്നു പറഞ്ഞു.

34 മറിയ ദൂതനോട്: 'ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും' എന്നു പറഞ്ഞു.

35 അതിന് ദൂതൻ: 'പരിശുദ്ധാത്മാവു നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും.'

## ലൂക്കൊസ് 2:1–11

1 ആ കാലത്തു ലോകം ഒക്കെയും പേർവഴി ചാർത്തേണം എന്നു ഔഗുസ്തൊസ് കൈസരുടെ ഒരു ആജ്ഞ പുറപ്പെട്ടു.

2 കുറേന്യൊസ് സുറിയനാടു വാഴുമ്പോൾ ഈ ഒന്നാമത്തെ ചാർത്തൽ ഉണ്ടായി.

3 എല്ലാവരും ചാർത്തപ്പെടേണ്ടതിനു താന്താന്റെ പട്ടണത്തിലേക്കു യാത്രയായി.

4 അങ്ങനെ യോസേഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ട് തനിക്കു വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടും കൂടെ ചാർത്തപ്പെടേണ്ടതിനു ഗലീലയിലെ നസറെത്ത് പട്ടണം വിട്ടു,

5 യെഹൂദ്യയിൽ ബേത്ലഹേം എന്ന ദാവീദിൻ പട്ടണത്തിലേക്കു പോയി.

6 അവർ അവിടെ ഇരിക്കുമ്പോൾ അവൾക്കു പ്രസവത്തിനുള്ള കാലം തികഞ്ഞു.

7 അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു, ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി.

8 അന്നു ആ പ്രദേശത്തു ഇടയന്മാർ രാത്രിയിൽ ആട്ടിൻ കൂട്ടത്തെ കാവൽകാത്തു വെളിയിൽ പാർത്തിരുന്നു.

9 അപ്പോൾ കർത്താവിന്റെ ഒരു ദൂതൻ അവരുടെ അരികെ നിന്നു, കർത്താവിന്റെ തേജസ്സ് അവരെ ചുറ്റിമിന്നി, അവർ ഭയപരവശരായിത്തീർന്നു.

10 ദൂതൻ അവരോട്: ഭയപ്പെടേണ്ടാ; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു.

11 കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.

ലൂക്കൊസ്. 1:26–35; 2:1–11 വീണ്ടും വായിക്കുക. ഇപ്പോൾ വായിക്കുമ്പോൾ...

- **രാജാവ്, സിംഹാസനം, രാജ്യത്തിന്** എന്നീ വാക്കുകൾക്ക് കിരീടം വരച്ച് അടയാളപ്പെടുത്തുക.
- **എന്നേക്കും, അവസാനം** സമയത്തെ കുറിക്കുന്ന വാക്കുകൾക്ക് വൃത്തം വരച്ച് അടയാളപ്പെടുത്തുക

## സ്വയം ചിന്തിക്കുക, അല്ലെങ്കിൽ ഒരു ഗ്രൂപ്പിൽ ചർച്ച ചെയ്യുക, തുടർന്ന് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് നിങ്ങളുടെ ഉത്തരങ്ങൾ എഴുതുക:

- യേശുവിനെ കുറിക്കുന്ന വാക്കുകൾ അടയാളപ്പെടുത്തിയപ്പോൾ നിങ്ങൾ എന്തു പഠിച്ചു?

- അവന്റെ രാജ്യത്തിന്റെ വ്യാപ്തിയെക്കുറിച്ച് നിങ്ങൾ എന്താണ് പഠിക്കുന്നത്? സമയത്തെകുറിക്കുന്ന വാക്കുകൾ സൂക്ഷ്മമായി നിരീക്ഷിക്കുക

- ലൂക്കൊസ് 1:34 അനുസരിച്ച് മറിയയുടെ ആശങ്ക എന്തായിരുന്നു? അവളുടെ ആശങ്കയ്ക്ക് ദൂതൻ എങ്ങനെ ഉത്തരം നൽകി?

- നമ്മോട് താരതമ്യപ്പെടുത്തുമ്പോൾ യേശു ഏതെല്ലാം വിധങ്ങളിൽ ആണ് അതുല്യനാകുന്നത്?

- നേരത്തെ നിങ്ങൾ വായിച്ച ഭാഗത്ത് യെശയ്യാവ് 7:14, 9:6-7 -ൽ പരാമർശിച്ചിട്ടുള്ള പ്രവചനങ്ങളുടെ നിവൃത്തി ശ്രദ്ധിക്കുക. എന്താണ് പൂർത്തീകരിച്ചത്, എന്താണ് അവശേഷിക്കുന്നത്?



മശിഹായെക്കുറിച്ച് തിരുവെഴുത്തുകൾ എന്താണ് പറയുന്നതെന്ന് മനസിലാക്കാൻ നമുക്ക് കൂടുതൽ വായിക്കാം.

## കണ്ടെത്തുക

യോഹന്നാൻ 1:1-3; 14-17 കൊലോസ്യർ 1:13-17 വായിക്കുക

- **വചനം, ഏകജാതൻ, പുത്രൻ** എന്നി വാക്കുകൾക്ക് ✝ (കുരിശടയാളം) നൽകുക.
- **ആദിയിൽ, ആദ്യജാതൻ, മുൻപേ** എന്നി സമയത്തെ കുറിക്കുന്ന വാക്കുകൾക്ക് ചുറ്റും വൃത്തം വരയ്ക്കുക.

## യോഹന്നാൻ 1:1-3; 14-17

1 ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു.

2 അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു.

3 സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല.

14 വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു.

15 യോഹന്നാൻ അവനെക്കുറിച്ചു സാക്ഷീകരിച്ചു: എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പനായി തീർന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ എന്നു വിളിച്ചു പറഞ്ഞു.

16 അവന്റെ നിറവിൽ നിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു.

17 ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു.

WORD UNPACKED

## കൊലോസ്യർ 1:13–17

13 നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ
പുത്രന്റെ രാജ്യത്തിലാക്കി വയ്ക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ
സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു.

14 അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്.

15 അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും
ആകുന്നു.

16 സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ
ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ
സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖന്തരവും അവനായിട്ടും
സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

17 അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിനും ആധാരമായിരിക്കുന്നു.

## സ്വയം ചിന്തിക്കുക, അല്ലെങ്കിൽ ഒരു ഗ്രൂപ്പിൽ ചർച്ച ചെയ്യുക, തുടർന്ന് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് നിങ്ങളുടെ ഉത്തരങ്ങൾ എഴുതുക:

- യേശുവിനെകുറിച്ചുള്ള പരാമർശത്തിൽ നിങ്ങൾ എന്താണ് പഠിക്കുന്നത്?

- യോഹന്നാൻ 1:3 പ്രകാരം സകലത്തിന്റെയും സ്രഷ്ടാവ് ആരാണ്?

- വചനം ജഡമായി നമ്മുടെ ഇടയിൽ വസിച്ചുവെന്ന് യോഹന്നാൻ 1:14 ൽ നാം വായിക്കുന്നു. ഇത് ആരെയാണ് സൂചിപ്പിക്കുന്നത്?

- അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപം ആരാണ്?

- ആകാശത്തിലും ഭൂമിയിലും ഉള്ളവ സൃഷ്ടിക്കപ്പെട്ടത് എങ്ങനെയാണ്? എന്തിനുവേണ്ടിയാണ്?

- കൊലൊസ്സ്യർ 1:17 അനുസരിച്ച്, പ്രപഞ്ചത്തെ ഒന്നിച്ചു നിർത്തുന്നത് ആരാണ്?

**ഉൾക്കാഴ്ച:** *'ആദ്യജാതൻ' എന്നത് 'ആദ്യം സൃഷ്ടിച്ചത്' എന്നതിന് തുല്യമല്ല. യേശുവിന് ഒരു മനുഷ്യ സ്വഭാവം ഉണ്ടായിരുന്നപ്പോൾ, അവന്റെ ദൈവിക സ്വഭാവം ഒരിക്കലും സൃഷ്ടിക്കപ്പെട്ടതല്ല: യോഹന്നാൻ പറയുന്നതുപോലെ, അവൻ 'ആദിയിൽ,' 'ദൈവത്തോടുകൂടെ', 'ദൈവം' ആയിരുന്നു.*

തുടർന്നുള്ള സംഭവത്തിൽ യേശു യഹൂദന്മാരോട് സംസാരിക്കുന്നു. യഹൂദരുടെ പൂർവ്വപിതാവായ അബ്രഹാം യേശു ജനിക്കുന്നതിന് ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്നു.

## കണ്ടെത്തുക

യോഹന്നാൻ 8:54-59 വായിച്ച്

- **അബ്രഹാമി**നെക്കുറിച്ചുള്ള എല്ലാ പരാമർശങ്ങൾക്കും **'അ'** എന്ന് അടയാളപ്പെടുത്തുക.
- **യേശുവിനെ**ക്കുറിച്ചുള്ള എല്ലാ പരാമർശങ്ങൾക്കും എല്ലാ സർവ്വനാമങ്ങൾക്കും ✝ കുരിശടയാളം നൽകുക.

### യോഹന്നാൻ 8:54-59

**54** "ഞാൻ എന്നെത്തന്നെ മഹത്ത്വപ്പെടുത്തിയാൽ എന്റെ മഹത്ത്വം ഏതുമില്ല; എന്നെ മഹത്ത്വപ്പെടുത്തുന്നതു എന്റെ പിതാവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു.

55 എങ്കിലും നിങ്ങൾ അവനെ അറിയുന്നില്ല; ഞാനോ അവനെ അറിയുന്നു; അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെപ്പോലെ ഭോഷ്കു പറയുന്നവൻ ആകും; എന്നാൽ ഞാൻ അവനെ അറിയുന്നു; അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു.

56 നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു" എന്ന് ഉത്തരം പറഞ്ഞു.

57 യെഹൂദന്മാർ അവനോട്: നിനക്കു അമ്പതു വയസ്സു ആയിട്ടില്ല; നീ അബ്രാഹാമിനെ കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചു.

58 യേശു അവരോട്: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ജനിച്ചതിന്നു മുമ്പേ ഞാൻ ഉണ്ട്" എന്നു പറഞ്ഞു.

59 അപ്പോൾ അവർ അവനെ എറിവാൻ കല്ലു എടുത്തു; യേശുവോ മറഞ്ഞ് ദൈവാലയം വിട്ടു പോയി.

**ഉൾക്കാഴ്ച:** *കത്തുന്ന മുൾപടർപ്പിലൂടെ മോശെയ്ക്ക് സ്വയം പരിചയപ്പെടുത്തിയപ്പോൾ ദൈവം ഉപയോഗിച്ച പേരാണ് 'ഞാനാകുന്നു'. യേശുക്രിസ്തുവിന് ഏകദേശം 1400 വർഷം മുമ്പ് ജീവിച്ചിരുന്ന മോശെയെ മിസ്രയിമിലെ അടിമത്വത്തിൽ നിന്ന് യിസ്രായേലിനെ വിടുവിക്കാൻ ദൈവം ഉപയോഗിച്ചു. 'ഞാനാകുന്നു' എന്ന് സ്വയം പരിചയപ്പെടുത്തുന്നതിലൂടെ, കത്തുന്ന മുൾപടർപ്പിൽ മോശെയ്ക്ക് പ്രത്യക്ഷപ്പെട്ട ദൈവവുമായി യേശു സ്വയം വെളിപ്പെടുത്തുന്നു.*

**സ്വയം ചിന്തിക്കുക, അല്ലെങ്കിൽ ഒരു ഗ്രൂപ്പിൽ ചർച്ച ചെയ്യുക, തുടർന്ന് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് നിങ്ങളുടെ ഉത്തരങ്ങൾ എഴുതുക:**

- ഈ വാക്യങ്ങളിൽ യേശു എന്താണ് അവകാശപ്പെടുന്നത്? അവൻ തന്നെക്കുറിച്ച് എന്താണ് വെളിപ്പെടുത്തുന്നത്?

- എങ്ങനെയാണ് യഹൂദന്മാർ യേശുവിന്റെ അവകാശവാദത്തെ എതിർത്തത്?

- അവരുടെ എതിർപ്പിനോട് യേശു പ്രതികരിച്ചത് എങ്ങനെ?

- 59-ാം വാക്യം അനുസരിച്ച് 'അവനെ കല്ലെടുത്തെറിയുവാൻ' യഹൂദന്മാരെ പ്രേരിപ്പിച്ചതെന്താണ്?



## കണ്ടെത്തുക

എബ്രായർ 1:1-3, 10-12 വായിക്കുക.

- **പുത്രൻ, കർത്താവ്** ഉൾപ്പെടെ **യേശു**വിനെക്കുറിച്ചുള്ള എല്ലാ പരാമർശങ്ങൾക്കും ✝ (കുരിശടയാളം) നൽകുക.
- **പിതാവായ ദൈവത്തെക്കു**റിച്ചുള്ള എല്ലാ പരാമർശങ്ങളും സർവ്വനാമങ്ങൾ ഉൾപ്പെടെ, △ ത്രികോണടയാളം നൽകുക.

## എബ്രായർ.1:1-3, 10-12

1 ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം
പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട്

2 ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു.
അവനെ താൻ സകലത്തിന്നും അവകാശിയാക്കി വച്ചു; അവൻ മുഖാന്തരം
ലോകത്തെയും ഉണ്ടാക്കി.

3 അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും
തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു
പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത്
ഇരിക്കയും

10 "കർത്താവേ, നീ പൂർവകാലത്തു ഭൂമിക്കു അടിസ്ഥാനം ഇട്ടു,
ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു.

11 അവ നശിക്കും; നീയോ നിലനില്ക്കും; അവ എല്ലാം വസ്ത്രംപോലെ
പഴകിപ്പോകും;

12 ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; വസ്ത്രംപോലെ അവ മാറിപ്പോകും;
നീയോ അനന്യൻ; നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല"
എന്നും പറയുന്നു.

**സ്വയം ചിന്തിക്കുക അല്ലെങ്കിൽ ഒരു ഗ്രൂപ്പിൽ ചർച്ച ചെയ്യുക, തുടർന്ന് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് നിങ്ങളുടെ ഉത്തരങ്ങൾ എഴുതുക:**

- ദൈവം എങ്ങനെയാണ് മുൻകാലങ്ങളിൽ പിതാക്കന്മാരോട് (പൂർവികരോട്) സംസാരിച്ചത്? അവൻ ഇപ്പോൾ നമ്മോട് എങ്ങനെ സംസാരിക്കുന്നു?

- ഈ വാക്യങ്ങളിൽ നിന്ന് യേശുവിനെക്കുറിച്ച് നിങ്ങൾ എന്താണ് പഠിക്കുന്നത്?

- ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ യേശു എവിടെയായിരുന്നു?

WORD UNPACKED

- ആരാണ് എല്ലാം ഉയർത്തിപ്പിടിക്കുന്നത്, എങ്ങനെ?

- യേശു ഇപ്പോൾ എവിടെയാണ്?

- ആരാണ് ഭൂമിയുടെ അടിസ്ഥാനം ഇട്ടത്, ആകാശം ആരുടെ കൈകളാൽ നിർമ്മിക്കപ്പെട്ടു?

- കർത്താവ് ഭൂമിയെയും ആകാശത്തെയും എന്തു ചെയ്യും?



**കൂടുതൽ ഉൾക്കാഴ്ച:** *ഒരു 'അവകാശി' സാധാരണയായി ആ വ്യക്തിയുടെ മുൻഗാമിയുടെ മരണത്തിൽ സ്വത്തിനോ പദവിക്കോ നിയമപരമായി അർഹതയുള്ള വ്യക്തിയാണ്. എന്നിരുന്നാലും, ഇവിടെ, ദൈവം യേശുവിനെ എല്ലാറ്റിന്റെയും അവകാശിയായി നിയമിക്കുന്നു, എന്നതിലൂടെ എല്ലാം അവനിൽ സൃഷ്ടിക്കപ്പെട്ടു എന്ന വസ്തുതയുമായി ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ, ദൈവം മരിക്കുന്നില്ല, അതിനാൽ തന്നെ അവന്റെ പുത്രന് അനന്തരാവകാശം നൽകുക എന്നതിന് പ്രസക്തിയില്ല. യേശു തന്റെ ശക്തിയുടെ വചനത്താൽ എല്ലാം ഉയർത്തിപ്പിടിക്കുന്നുവെന്നും അവൻ പാപശുദ്ധീകരണം നടത്തി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നുവെന്നും ഈ വാക്യങ്ങൾ പഠിപ്പിക്കുന്നു. യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും അടുത്ത അധ്യായങ്ങളിൽ നാം പഠിക്കും.*

## കണ്ടെത്തുക

**യോഹന്നാൻ 17:1–5** വായിച്ച്

- **പുത്രൻ** എന്ന വാക്കുൾപ്പടെ **യേശു**വിനെക്കുറിച്ചുള്ള എല്ലാ പരാമർശങ്ങളും കുരിശടയാളം † നൽകുക.
- **പിതാവായ ദൈവത്തെക്കു**റിച്ചുള്ള എല്ലാ പരാമർശങ്ങളും സർവ്വനാമങ്ങളും ത്രികോണാകൃതി  നൽകുക.

## യോഹന്നാൻ 17:1–5

**1** ഇതു സംസാരിച്ചിട്ടു യേശു സ്വർഗത്തേക്കു നോക്കി പറഞ്ഞതെന്തെന്നാൽ: പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ പുത്രൻ നിന്നെ മഹത്ത്വപ്പെടുത്തേണ്ടതിന്നു പുത്രനെ മഹത്ത്വപ്പെടുത്തേണമേ.

2 നീ അവനു നല്കീയിട്ടുള്ളവർക്കെല്ലാവർക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിനു നീ സകല ജഡത്തിന്മേലും അവന് അധികാരം നൽകിയിരിക്കുന്നുവല്ലോ.

3 ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു.

4 ഞാൻ ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തി, നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു.

5 ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകുംമുമ്പെ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്ത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്ത്വപ്പെടുത്തേണമേ.

**സ്വയം ചിന്തിക്കുക അല്ലെങ്കിൽ ഒരു ഗ്രൂപ്പിൽ ചർച്ച ചെയ്യുക, തുടർന്ന് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് നിങ്ങളുടെ ഉത്തരങ്ങൾ എഴുതുക:**

- ഈ വാക്യങ്ങളിൽ നിന്ന് യേശുവിനെക്കുറിച്ച് നിങ്ങൾ എന്താണ് പഠിക്കുന്നത്?

- പിതാവായ ദൈവത്തെക്കുറിച്ച് നിങ്ങൾ എന്താണ് പഠിക്കുന്നത്?

- രണ്ടാം വാക്യത്തിൽ, തനിക്ക് എന്തുണ്ടായിരുന്നു എന്നും ആരാണ് അത് നൽകിയതെന്നും അവൻ അതുപയോഗിച്ചു എന്ത് ചെയ്യുമെന്നാണ് യേശു പറയുന്നത്?

- മൂന്നാം വാക്യത്തിൽ നിത്യജീവൻ ആകുന്നു എന്ന് യേശു പറഞ്ഞത് എന്താണ്?

- 5-ാം വാക്യത്തിൽ യേശു തന്നെക്കുറിച്ച് എന്താണ് അവകാശപ്പെട്ടത്? യേശുവിനെക്കുറിച്ച് നമ്മൾ നേരത്തെ പഠിച്ച കാര്യങ്ങളുമായി ഇത് എങ്ങനെ പൊരുത്തപ്പെടുന്നുവെന്ന് പരിശോധിക്കുക.

# നമുക്ക് ഇപ്രകാരം സംഗ്രഹിക്കാം

യേശു ദൈവപുത്രനാണെന്നും അവനെ 'ഇമ്മാനുവൽ' ('ദൈവം നമ്മോടുകൂടെ') എന്ന് വിളിക്കപ്പെടുന്നു എന്നും നാം ഈ അധ്യായത്തിൽ പഠിച്ചു. ഭാവിയിൽ ആധിപത്യം യേശുവിന്റെ തോളിലായിരിക്കുമെന്ന് നാം മനസിലാക്കി. അവൻ 'അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു' എന്നു വിളിക്കപ്പെടും.' യേശുവിന്റെ രാജ്യത്തിന്റെ മഹത്വത്തിനും സമാധാനത്തിനും അവസാനമില്ല. അവന്റെ രാജ്യം ന്യായവും നീതിയുമുള്ളതുമായിരിക്കും. അവൻ ഭൂമിയെ എന്നന്നേക്കും ഭരിക്കും. ആദിയിൽ ദൈവത്തോടൊപ്പമായിരുന്ന വചനം ജഡമായിത്തീർന്നു എന്നും സകലവും അവനിലും അവനിലൂടെയും സൃഷ്ടിക്കപ്പെട്ടു എന്നും നാം കണ്ടു. 'സകലവും' എന്നത് സൃഷ്ടിച്ച വസ്തുക്കളെ സൂചിപ്പിക്കുന്നു. അവൻ മഹത്ത്വവാനും കൃപയും സത്യവും നിറഞ്ഞവനുമാണ്.

ദൈവത്തിന്റെ എല്ലാ സൃഷ്ടികളിലും ശ്രേഷ്ഠനും അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവുമാണ് യേശു. സ്വർഗത്തിലും ഭൂമിയിലും ദൃശ്യവും അദൃശ്യവുമായ എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് യേശുവിലൂടെയും യേശുവിനായിട്ടുമാണ്. അവൻ എല്ലാറ്റിനും മുമ്പുള്ളവനാണ്, അവനിൽ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ഒരുമിച്ചു നിൽക്കുന്നു. ആകാശത്തിന്റെയും ഭൂമിയുടെയും അടിത്തറയിട്ടത് യേശുവാണ്. പ്രപഞ്ചത്തിലെ ദശലക്ഷക്കണക്കിന് നക്ഷത്രങ്ങളും ക്ഷീരപഥങ്ങളും അവന്റെ കൈകളുടെ സൃഷ്ടിയാണ്, ഒരു ദിവസം അവൻ അവയെ ചുരുട്ടും. ഈ പഠനത്തിന്റെ അവസാനം "**അവന്റെ പുനരാഗമനം**" എന്ന തലക്കെട്ടിലുള്ള അധ്യായത്തിൽ ഇതിനെക്കുറിച്ച് നാം കൂടുതൽ പഠിക്കും.

WORD UNPACKED